I.ഇ.ബി. XII കേരള നിയമസഭ/X-10

**പന്ത്രണ്ടാം  കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ഫെബ്രുവരി 27, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്ത്**

18-02-2009-ലെ നക്ഷത്രചിഹ്നമിടാത്ത 499-ാം നമ്പർ ചോദ്യത്തിന്റെ

തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 18-02-09-ന് നൽകിയ നക്ഷത്രചിഹ്നമിടാത്ത 499-ാം നമ്പർ ചോദ്യത്തിന്റെ "എ" പിരിവിൽ കൂടുതലായി കൂട്ടിച്ചേർത്ത കാര്യങ്ങൾ ചേർത്തുകൊണ്ടുള്ള ഉത്തരം മരാമത്ത് വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

**ശ്രദ്ധക്ഷണിക്കൽ**

(1) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വരുന്ന കാലതാമസം

ശ്രീ. തോമസ് ചാണ്ടി : ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ പൊതു മരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാരൻ വരുത്തിയിരിക്കുന്ന അലംഭാവംമൂലം കണ്ടങ്കരി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം എട്ടു വർഷമായി മുടങ്ങിക്കിടക്കുന്നു. ആലപ്പുഴയിൽ നിന്നും എടത്വായിലേയ്ക്കുള്ള ദൂരം 20 കിലോമീറ്റർ കുറയ്ക്കാൻ കഴിയുന്ന ഈ പാലത്തിന്റെ നിർമ്മാണം ഏൽപ്പിച്ചിരിക്കുന്ന കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് വർക്ക് റീടെണ്ടർ ചെയ്ത് അടിയന്തിര മായി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കണം. കോടതിയിൽനിന്ന് സ്റ്റേ വാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതിരിക്കുന്ന കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കാനാവശ്യമായ നിയമ നിർമ്മാണം നടത്തണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : ആലപ്പുഴ ജില്ല യിലെ കുട്ടനാട്ടിൽ കണ്ടങ്കരി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം വർഷങ്ങളായി മുടങ്ങിക്കിടക്കുന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. അഴിമതിക്ക് ഇടവരുത്തുന്ന വിധത്തിൽ നിരുത്തരവാദപരമായി പെരുമാറുന്ന കരാറുകാരുടെ കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കുന്ന തിന്റെ അടിസ്ഥാനത്തിൽ ഈ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തുകഴിഞ്ഞു. അനുവദി ക്കുന്ന സമയ പരിധി കഴിഞ്ഞ ശേഷവും അപ്രസക്തവും സാധ്യതയില്ലാത്ത തുമായ വിവിധ കാരണങ്ങൾ പറഞ്ഞ് പ്രവൃത്തി നടപ്പാക്കാൻ തയ്യാറാ

കാതെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ ചെയ്യുന്ന സംപ്രദായം കർശനമായി നടപ്പാക്കുന്നതാണ്. ഗൗരവമായ വീഴ്ച വരുത്തുന്നവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള വ്യവസ്ഥ കർശനമായി പാലിക്കേണ്ടതുണ്ട്. കോടതിയിൽനിന്ന് സ്റ്റേ വാങ്ങി പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാക്കുന്നത് തടയുന്ന കാര്യവും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മെച്ചപ്പെട്ട നിലവാരത്തിൽ സമയ ബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്ന കരാറുകാരെ കണ്ടെത്താൻ അവരുടെ ഇതുവരെയുള്ള പ്രവൃത്തികൾ സംബന്ധിച്ച് ഒരു ഹിതപരി ശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റ് ഉണ്ടാക്കാനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗുണനിലവാരം ഉറപ്പുവരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ സമയത്തിന് മുമ്പ് തീർക്കുന്ന കരാറുകാരെ പൊതുവേദികളിൽ അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ നടക്കുന്ന വിവിധങ്ങളായ അഴിമതി അവസാനിപ്പിക്കാൻ ഇ-ടെണ്ടറിംഗ് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എഞ്ചിനീ യർമാർക്കും കരാറുകാർക്കും പരിശീലനം കൊടുക്കുന്നതിനുള്ള നടപടി മരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. അനാരോഗ്യകരമായ മൽസരം ഒഴിവാ ക്കാൻ ടെണ്ടർ ഫോമുകളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാതെ ധിക്കാര പരമായി പെരുമാറുന്ന കരാറുകാരുടെമേൽ കർശന നിലപാട് സ്വീകരിക്കു ന്നതാണ്.

## (2) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കേരളത്തിലെ കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളുമുൾപ്പെടെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 95 ലക്ഷത്തോളം വരുന്ന ആളുകൾ ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് പ്രയാസപ്പെടുകയാണ്. ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന രണ്ടേമുക്കാൽ കോടിയോളം വരുന്ന ജനങ്ങളുടെ വാങ്ങൽശേഷി തകർന്നാൽ അത് സംസ്ഥാനത്തിന്റെ സമസ്ത മേഖലയേയും ബാധിക്കും. ഇത് ഉൽപ്പന്നങ്ങളുടെ വിപണി നഷ്ടപ്പെടുത്തുമെന്ന് മാത്രമല്ല, വ്യവസായങ്ങൾ അടച്ചുപൂട്ടുന്നതിനും കാരണമാകും. ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകൾ ഗൗരവമായ നടപടികൾ സ്വീകരിക്കുന്നില്ല. അവരെ സംരക്ഷിക്കാനും പുനരധിവസിപ്പിക്കാനും നടപടികൾ സ്വീകരിക്കണം. ഇവർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ശുദ്ധജലം, ഔഷധ സസ്യങ്ങൾ, പഴവർഗ്ഗങ്ങൾ, അപൂർവ്വ ലോഹങ്ങൾ, മൽസ്യ സമ്പത്ത്, റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകൾ, മനുഷ്യ സമ്പത്ത് എന്നിവയെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വ്യവസായങ്ങൾ രൂപപ്പെടുത്തിയെടുക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. ലോകത്തിന്റെ തന്നെ മാർക്കറ്റ് പിടിച്ചെടുക്കാൻ കഴിയുന്ന ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ച് അതിന്റെ പേറ്റന്റ് കൈവരിക്കാൻ കഴിഞ്ഞാൽ ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. വനമേഖലയിലും സർക്കാർ ഭൂമിയിലും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിച്ച് ആയുർവേദ ഔഷധ നിർമ്മാണം പരിപോഷിപ്പിക്കണം.

വ്യവസായവകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായ മേഖലയെ മൊത്തത്തിൽ ബാധിച്ചിട്ടുണ്ട്. കയറ്റുമതിയിൽ അധിഷ്ഠിതമായ വ്യവസായങ്ങളെയാണ് മാന്ദ്യം നേരിട്ട് ബാധിക്കുന്നത്. ഇതു സംബന്ധിച്ച് സെന്റർഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പ്രാഥമിക പഠനത്തിന്റെ റിപ്പോർട്ടിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കുറവുണ്ടായതായും വരുംവർഷങ്ങളിൽ ഈ മേഖലയിൽ 25 ശതമാനം വരെ കുറവുണ്ടാകുമെന്നും കണക്കാക്കുന്നു. ആഭ്യന്തര വിപണിയിലെ ഉണർവ് കാരണം തൊഴിൽ നഷ്ടമുണ്ടായതായി റിപ്പോർട്ടില്ല. സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 30 ശതമാനം കുറവും 20,000 തൊഴിൽ നഷ്ടവുമുണ്ടായതായി കണക്കാക്കുന്നു. ടൂറിസം മേഖലയിലെ മാന്ദ്യത്തിന്റെ ഫലമായി കരകൗശല വസ്തുക്കളുടെ കയറ്റുമതിയിൽ കുറവുണ്ടായി. തൊഴിൽ നഷ്ടമുണ്ടായിട്ടില്ലെങ്കിലും മൊത്തം വിറ്റുവരവ് 40 ശതമാനമായി കുറയുമെന്ന് കണക്കാക്കുന്നു. കശുവണ്ടി കയറ്റുമതിയിൽ 15 ശതമാനം കുറവുണ്ടായതിന്റെ ഫലമായി 18,000 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കുന്നു. കയർ മേഖലയിൽ 15 ശതമാനം കയറ്റുമതി കുറവുണ്ടായത് പരിഹരിക്കാൻ സർക്കാർ പല പുതിയ പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്നു. ആഭ്യന്തര ഉപഭോഗം കൂടിയ സാഹചര്യത്തിൽ ചെറുകിട വ്യവസായ മേഖലയിൽ കാര്യമായ ഉൽപ്പാദനക്കുറവ് കാണുന്നില്ല. കയറ്റുമതി ഉൽപ്പന്നങ്ങൾക്കാണ് സാമ്പത്തിക മാന്ദ്യം ബുദ്ധിമുട്ടുണ്ടാക്കിയിരി

ക്കുന്നത്. ചെറുകിട വ്യവസായ മേഖല കേരളത്തിൽ ഇപ്പോഴും ശക്തമാണ്. തൊഴിൽ നഷ്ടം ഉണ്ടായിട്ടില്ല. കേരളത്തിന്റെ സാമ്പത്തിക നില ലോക സാമ്പത്തിക മേഖലയുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ സാമ്പത്തിക പ്രതിസന്ധി കേരളത്തിലെ വിദേശധനവിനിമയം ഉൾപ്പെടെ യുള്ള സാമ്പത്തിക ഇടപെടലുകളെ ബാധിക്കാതിരിക്കാൻ വളരെ ശക്തമായ നടപടികൾ ആവശ്യമാണ്. ഈ വിഷയങ്ങൾകൂടി കണക്കിലെ ടുത്തുകൊണ്ടുള്ള നടപടികളും പ്രതിവിധികളുമാണ് 2009-10 വർഷത്തെ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്.

**സബ്മിഷൻ**

(1) <u>ബിനിജയുടെ തിരോധാനം</u>

<u>ശ്രീ. ജി. കാർത്തികേയൻ</u> : ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ മലയിൻകീഴ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ പ്ലസ്വൺ വിദ്യാർത്ഥിനിയായ 16 വയസ്സുള്ള ബിനിജയെ 24-01-09 മുതൽ കാണാതായി. അന്നുതന്നെ ബിനിജയുടെ മാതാവും ബന്ധു ക്കളും കാട്ടാക്കട പോലീസ് സ്റ്റേഷനിൽ കേസ് കൊടുത്തിരുന്നു. കുട്ടിയെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ കിള്ളി സ്വദേശിയും മലയിൻകീഴ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിലെ പ്ലസ്വൺ വിദ്യാർത്ഥിനിയുമായ കുമാരി ബിനിജ കാട്ടാക്കട സെന്റർ ഫോർ സയൻസ് എന്ന ട്യൂട്ടോറിയൽ കോളേജിൽ 24-01-09-ന് രാവിലെ 7 മണിയോടെ വീട്ടിൽ നിന്നുപോയിട്ട് മടങ്ങിവന്നില്ല എന്നുപറഞ്ഞ് മാതാവ്

സുഷമ 25-01-09-ന് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ബിനിജയുടെ കൂട്ടുകാരിയായ അശ്വതിയോട് അന്വേഷിച്ചപ്പോൾ പ്ലസ് വൺ പരീക്ഷ തനിക്ക് പേടിയായതിനാൽ ഗുരുവായൂർ ക്ഷേത്രത്തിൽ പോകുന്നുവെന്നും പരീക്ഷ കഴിഞ്ഞേ മടങ്ങിവരികയുള്ളൂവെന്നും പറഞ്ഞിരുന്നതായി മനസ്സിലാക്കി. അതുപ്രകാരം 24-01-09-ന് കാട്ടാക്കട നിന്നും തൃശ്ശൂർക്ക് പോയ കെ.എസ്.ആർ.ടി.സി. ബസ്സിലെ കണ്ടക്ടറെ ഫോട്ടോ കാണിച്ച് അന്വേഷിപ്പോൾ ബിനിജയെ തിരിച്ചറിയുകയുണ്ടായി. തൃശ്ശൂർവരെ ടിക്കറ്റെടുത്തുവെന്നും മംഗലപുരത്തുവച്ച് ബസ് അപകടത്തിൽപ്പെട്ടതു കാരണം യാത്രക്കാരെ പല ബസ്സുകളിലായി കയറ്റിയയച്ചതിനാൽ മറ്റു വിവരങ്ങൾ അറിയില്ലെന്ന് കണ്ടക്ടർ പറയുകയുണ്ടായി. അന്വേഷണത്തിന്റെ ഭാഗമായി പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയും ക്രൈം മെമ്മോ തയ്യാറാക്കി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനിൽ നൽകുകയും പത്രങ്ങളിലും ടെലിവിഷൻ ചാനലുകളിലും അറിയിപ്പു നൽകുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ, ഗുരുവായൂർ, മുരിങ്ങൂർ ധ്യാനകേന്ദ്രം എന്നിവിടങ്ങളിൽ ഫോട്ടോ കാണിച്ച് അന്വേഷണം നടത്തി. മറ്റുവിവരങ്ങൾ ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച് അന്വേഷണ നടപടികൾ ഊർജ്ജിതപ്പെടുത്താൻ പോലീസിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(2) <u>വടകര യൂണിവേഴ്സിറ്റി സെന്ററിന്റെ പ്രവർത്തനം</u>

<u>ശ്രീ. എം.കെ. പ്രേംനാഥ്</u> : വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വടകര യൂണിവേഴ്സിറ്റി സെന്റർ പുതിയ സ്ഥലം അക്വയർ ചെയ്ത് പുതുപ്പണത്തേയ്ക്ക് മാറ്റുന്നതിനും പ്രസ്തുത സെന്റർ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : വടകരയിലെ പുതുപ്പണത്ത് കൂടുതൽ ഭൂമി ലഭ്യമാക്കാനും ലേഡീസ് ഹോസ്റ്റലടക്കം നിർമ്മിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ തുടങ്ങി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യവും പരിഗണനയിലാണ്.

## (3) ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. എം. ഹംസ : ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ഒറ്റപ്പാലം അർബൻ ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച് 04-01-08-ന് കേന്ദ്ര ഗവൺമെന്റ് പ്രതിനിധികളുമായി ചർച്ച നടത്തുകയും ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് ഒറ്റപ്പാലം മുനിസിപ്പാലിറ്റി മുഖേന യു.ഐ.ഡി.എസ്.എസ്.എം.റ്റി.ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അപ്രൂവൽ കിട്ടിക്കഴിഞ്ഞാൽ മാത്രമേ പ്രവർത്തികൾ പൂർത്തീകരിക്കാൻ കഴിയൂ. വാണിയംകുളം പദ്ധതിയുടെ സ്രോതസ്സിന്റെ താഴെയായി ഇറിഗേഷൻ വിഭാഗം നടത്തിവരുന്ന തടയണയുടെ പണി പൂർത്തിയായാൽ ആ പദ്ധതിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. എൻ.സി.പി.സി.യിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അനങ്ങിടി പദ്ധതിക്ക് സ്രോതസ്സിന്റെ താഴെയായി ക്രാങ്ങാലി ഭാഗത്തെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന അടിയണ പുനരുദ്ധരിച്ചെങ്കിൽ മാത്രമേ ആവശ്യമായ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ സാധിക്കൂ. മണ്ണൂർ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ലക്കിടി-പേരൂർ എൻ.സി.പി.സി. കുടിവെള്ള പദ്ധതിക്ക് നേരത്തേ

റിവൈസ് ചെയ്തിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 98 ലക്ഷം രൂപ വേണം. അധികമായി ആവശ്യമുള്ള 22 ലക്ഷംരൂപ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അമ്പലപ്പാറ-ലക്കിടി കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടും ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ടും ഐ.പി.ഡി. വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ടാങ്കിനും ട്രീറ്റ്മെന്റ് പ്ലാന്റിനുമുള്ള സ്ഥലം പഞ്ചായത്ത് അധികൃതർ കൈമാറേണ്ടതായിട്ടുണ്ട്.

(4) <u>വൈദ്യുതി പോസ്റ്റുകളിൽ പരസ്യം പതിക്കുന്നത് ഒഴിവാക്കൽ</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : കേരളത്തിലെ വൈദ്യുത പോസ്റ്റുകളിൽ ബാനറുകളും പരസ്യങ്ങളും സ്ഥാപിക്കുന്നത് തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ</u>) : വൈദ്യുത പോസ്റ്റുകളിൽ ബോർഡുകൾ, പോസ്റ്ററുകൾ, പരസ്യങ്ങൾ എന്നിവ സ്ഥാപിക്കുന്നത് സുഗമമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തടസ്സമുണ്ടാക്കുകയും വാഹനമോടിക്കുന്ന യാത്രക്കാരുടെ ശ്രദ്ധ വ്യതിചലിച്ച് അപകടമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുത പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് ബോർഡ് ഇപ്പോൾ അനുമതി നൽകിയിട്ടില്ല. അനധികൃതമായി പരസ്യങ്ങൾ സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ നിയമങ്ങളില്ലാത്തതിനാൽ അനധികൃതമായി പരസ്യങ്ങൾ സ്ഥാപിക്കുന്നതിനെതിരായി നിയമ നടപടികളെടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് വൈദ്യുത പ്രസരണ വിതരണ ലൈനുകളിലും അനുബന്ധ ഉപകരണങ്ങളിലും

പരസ്യങ്ങൾ വിലക്കിക്കൊണ്ടുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(5) യു.ജി.സി. ശമ്പളപരിഷ്ക്കരണം

പ്രൊഫ. എൻ. ജയരാജ് : ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനും പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണരെ ആകർഷിക്കുന്നതിനുമായി ഛദ്ദ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് യു.ജി.സി. ശമ്പള പരിഷ്ക്കരണം പൂർണ്ണമായി നടപ്പിലാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) : ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം രാജ്യവ്യാപകമായി നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ പണം നീക്കിവയ്ക്കാൻ തയ്യാറായിട്ടുണ്ട്. സ്വകാര്യമേഖലയിൽനിന്ന് ശേഖരിക്കാൻ ഉദ്ദേശിക്കുന്ന തുക കൂടി ചേർത്തിട്ടാണ് ആകെ ചെലവഴിക്കാനുള്ള തുകയുടെ ശതമാനം വർദ്ധിപ്പിച്ചുകാണിച്ചിട്ടുള്ളത്. അതിനാൽ കേന്ദ്ര ഗവൺമെന്റ് കൂടുതൽ തുക നീക്കിവയ്ക്കുന്നത് ഉചിതമായിരിക്കും. ഛദ്ദ കമ്മീഷൻ റിപ്പോർട്ട് അതിന്റെ പൂർണ്ണതയിൽ നടപ്പിലാക്കണമെന്നാണ് കേന്ദ്ര മാനവശേഷി വികസന വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ധാരണയായത്. ഛദ്ദ കമ്മീഷൻ റിപ്പോർട്ട് സമഗ്രമായി നടപ്പിലാക്കാനാണ് ഗവൺമെന്റും ലക്ഷ്യമിടുന്നത്. യു.ജി.സി. സ്കെയിൽ നടപ്പിലാക്കുകയും അതേസമയം അക്കാദമിക് നിലവാരം ഉയർത്താനുള്ള നിർദ്ദേശങ്ങളും മറ്റ് പരിഷ്ക്കാരങ്ങളും നടപ്പിലാക്കാൻ കഴിയാതെയുംവരുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

(6) <u>പൊന്നാനി-വെങ്ങളം തീരദേശ പാത</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : മലബാറിന്റെ അടിസ്ഥാന വികസനത്തിന് അത്യന്താപേക്ഷിതമായ പൊന്നാനി-വെങ്ങളം തീരദേശ പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തി നിർമ്മാണ പ്രവൃത്തി അടിയന്തരിമായി ആരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്) :</u> മലബാർ മേഖല യുടെ അടിസ്ഥാന വികസനത്തിന് വഴിയൊരുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിൽ പൊന്നാനി-വെങ്ങളം തീരദേശ പാതയ്ക്ക് മുൻഗണന നൽകുന്നതാണ്. 'റൈറ്റ്സ്' എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം ഇതുസംബന്ധിച്ച് സ്റ്റഡി നടത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ മുഖേനയും സ്റ്റഡി നടത്തിയിട്ടുണ്ടെങ്കിലും അലൈൻമെന്റ് ഇതുവരെ ഫൈനലൈസ് ചെയ്തിട്ടില്ല. അലൈമെന്റിന് അന്തിമ രൂപം നൽകി തീരദേശ പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്ന താണ്.

(7) <u>കഴുക്കലോടി കടവിലെ പാലം പണി</u>

<u>ശ്രീ. കെ. സി. കുഞ്ഞിരാമൻ :</u> തെക്കുംവടക്കും വയനാടുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കഴുക്കലോടി കടവിലെ പാലത്തിന്റെ പണി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി എത്രയുംപെട്ടെന്ന് പൂർത്തിയാ ക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u> : പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 250 ലക്ഷം രൂപയ്ക്ക് ഭരണാനു മതിയും പ്രത്യേകാനുമതിയും നേരത്തെ നൽകിയിരുന്നുവെങ്കിലും 2008-ലെ

ഷെഡ്യൂൾ റേറ്റ് പ്രകാരം 500 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചശേഷം എത്രയും പെട്ടെന്ന് പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) റെസിഡന്റ്സ് അസോസിയേഷനുകൾക്ക് ഏകീകരിച്ച മാനദണ്ഡങ്ങളും പ്രവർത്തന ഗ്രാന്റും

ശ്രീ. സാജു പോൾ : റെസിഡന്റ്സ് അസോസിയേഷനുകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനും പൊതു മാനദണ്ഡങ്ങൾ നിശ്ചയിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ മാതൃകയിൽ പ്രവർത്തിക്കാനുള്ള സൗകര്യങ്ങളൊരുക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : നഗരവൽക്കരണത്തിന്റെ ഭാഗമായി രൂപംകൊള്ളുന്ന ഹൗസിംഗ് കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റെസിഡന്റ്സ് അസോസിയേഷനുകൾ 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം രൂപീകരിക്കുന്ന വാർഡ് കമ്മിറ്റികളിൽ റെസിഡന്റ്സ് അസോസിയേഷനുകളിൽ പ്രവർത്തിക്കുന്ന 15 പേരെ ഉൾക്കൊള്ളിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചുവരികയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിലും ഗ്രാമപഞ്ചായത്ത് വാർഡ്സഭ സംഘടിപ്പിക്കുന്നതിലും മാലിന്യ സംസ്ക്കരണ ബോധവൽക്കരണ പരിപാടികളിലുമൊക്കെ സജീവമായി റെസിഡന്റ്സ് അസോസിയേഷനുകൾ പങ്കെടുക്കുന്നുണ്ടെങ്കിലും പൊതുവായ പ്രവർത്തന മാനദണ്ഡം

സ്വീകരിക്കുന്നത് പ്രായോഗികമാണോയെന്നുള്ളത് പരിശോധിക്കുന്നതാണ്. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(9) മുളവൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ബാബു പോൾ : മുവാറ്റുപുഴ-പെരുമ്പാവൂർ-കോതമംഗലം പ്രദേശത്തിന് മുഴുവൻ പ്രയോജനകരമായ മുടങ്ങികിടക്കുന്ന മുളവൂർ ശുദ്ധജല വിതരണപദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : പ്രസ്തുത പദ്ധതിയിൽ റാ വാട്ടർ പമ്പിംഗ് മെയിനിന്റേയും ക്ലീയർ വാട്ടർ ഗ്രാവിറ്റി മെയിനിന്റേയും ട്രാൻസ്ഫോർമറിന്റേയും പണിയാണ് ഇനി അവശേഷിച്ചിട്ടുള്ളത്. ടെണ്ടർ തുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ചെന്ന കാരണത്താൽ പല പദ്ധതികളും വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുണ്ടെങ്കിലും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ 'സ്പാൻ' പദ്ധതിയിൻകീഴിൽ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി 2009 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യുന്നതാണ്.

(10) കേരള യൂണിവേഴ്സിറ്റി കാഷ്വൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കേരള യൂണിവേഴ്സിറ്റിയിൽ കാഷ്വൽ തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി അധികൃതർ സ്വീകരിക്കുന്ന നിഷേധാത്മക നിലപാടുകൾക്കെതിരെ ഗവൺമെന്റിന്റെ ഇടപെടലുകൾ ഉണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): കേരള സർവ്വകലാശാലയുടെ നിലവിലുള്ള നിയമപ്രകാരം ക്ളാസ്

4 തസ്തികകളിലെ തൊഴിലാളികളെ രണ്ടുമൂന്ന് മാസത്തേയ്ക്ക് മാത്രമായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാനുള്ള വ്യവസ്ഥയാണുള്ളത്. 55 വയസ്സ് വരെ മാത്രമേ ഇത്തരം നിയമനങ്ങൾ പരിഗണിക്കപ്പെടുകയുള്ളൂ. മറ്റ് സർവ്വീസ് ആനുകൂല്യങ്ങളൊന്നും നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് നൽകാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്.

(11) <u>ഹോമിയോ മെഡിക്കൽ കോളേജിന് കെട്ടിടം</u>

<u>ശ്രീ. പി.ടി.എ. റഹീം:</u> കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മണ്ഡലത്തിലെ കാക്കൂർ വില്ലേജിൽ റവന്യൂ വകുപ്പ് കൈമാറിയ 15 ഏക്കർ സ്ഥലത്ത് ഹോമിയോ മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ എത്രയുംപെട്ടെന്ന് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> കോഴിക്കോട് ജില്ലയിലെ കാക്കൂർ വില്ലേജിൽ റവന്യൂ വകുപ്പ് കൈമാറിയ പുറമ്പോക്ക് സ്ഥലം നാളിതുവരെ കയ്യേറ്റം ഒഴിവാക്കി എടുക്കാത്ത സാഹചര്യത്തിൽ നിലവിൽ കോളേജ് പ്രവർത്തിക്കുന്ന കോമ്പൗണ്ടിൽ തന്നെ ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ തിരുവനന്തപുരം ഹോമിയോ-നഴ്സിംഗ്-ഫാർമസി കോളേജിനായി അനുവദിച്ച സ്ഥലം കെട്ടിട നിർമ്മാണ ത്തിന് അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത കോളേജ് കാക്കൂരിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനുള്ള പ്രൊപ്പോസലും സർക്കാരിന്റെ സജീവ പരിഗണനയി ലാണ്. സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് അവിടെ കോളേജുമായി ബന്ധപ്പെട്ട മറ്റ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

(12) <u>കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>

<u>ശ്രീമതി കെ.കെ. ലതിക:</u> രാസ-ജൈവ വളങ്ങളും സബ്സിഡികളും മറ്റാനുകൂല്യങ്ങളും കർഷകർക്ക് യഥാസമയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ)</u>: രാസവളത്തിന്റെ അലോട്ട്മെന്റുമായി ബന്ധപ്പെട്ട ഷോർട്ടേജ് പരിഹരിക്കാൻ ഗവൺമെന്റ് സജീവമായി ഇടപെടുകയും നിലവിലുള്ള ചെറിയ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>വൈദ്യുതി തെർമൽ സർചാർജ്</u>

സംസ്ഥാനത്ത് നിലനിൽക്കുന്ന വൈദ്യുതി തെർമൽ സർചാർജ്ജ് സംബന്ധിച്ച് പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ശ്രീ.എ.കെ. ബാലൻ പ്രസ്താവന നടത്തി.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2008 -ലെ കേരള പാർപ്പിട രഹിതരുടെ ഭവന നിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ

ശ്രീ. സാജു പോൾ: 2008-ലെ കേരള പാർപ്പിട രഹിതരുടെ ഭവന നിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധ മാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി.മോഹനൻ : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രസ്തുത ബിൽ സർക്കാരിന് അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. സാജു പോൾ: സ്വന്തമായി ഭൂമിയും വീടുമില്ലാത്ത ജന വിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന ബില്ലാണിത്. ഇ.എം.എസ്. ഭവന പദ്ധതി വഴി സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് ആശ്രയകേന്ദ്രം ഉണ്ടാ ക്കാൻ സാധിക്കും. പാർശ്വവൽക്കരിക്കപ്പെട്ട വലിയ ഒരു വിഭാഗം ജന ങ്ങൾക്ക് അന്തിയുറങ്ങാൻ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാ തെയുണ്ട്. അത്തരം പട്ടിണി പാവങ്ങൾക്കും വാടകകെട്ടിടങ്ങളിൽ ജീവിക്കേണ്ടി വരുന്നവർക്കും ഒരു തുണ്ട് ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ

ഫീസും സ്റ്റാമ്പുവിലയും ഒഴിവാക്കിക്കൊടുക്കണമെന്നുള്ളതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്.

(ചർച്ച തുടരും)

(2) 2009 -ലെ കേരള സംസ്ഥാന പത്ര ഏജന്റുമാരുടേയും വിതരണക്കാരുടേയും ക്ഷേമനിധി ബിൽ

ശ്രീ. പി. ജയരാജൻ: 2009-ലെ കേരള സംസ്ഥാന പത്ര ഏജന്റുമാരുടേയും വിതരണക്കാരുടേയും ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി.ടി. എ. റഹീം : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ മാനിക്കുകയാണ്. സംസ്ഥാനത്ത് ക്ഷേമനിധിയുടെ പരിധിയിൽ വരാത്ത വിഭാഗങ്ങൾ വളരെ വിരളമാണ്. ഈ ബിൽ സ്വാഗതം ചെയ്യേണ്ട ഒന്നാണെങ്കിലും ഇതിന്റെ പ്രായോഗികമായ വശങ്ങളും അന്തസത്തയും ഉൾക്കൊണ്ടുകൊണ്ട് നിയമനിർമ്മാണത്തിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുന്നതാണ്.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ തത്വത്തിൽ അംഗീകരിക്കുമെന്നുപറഞ്ഞത് സ്വാഗതാർഹമാണ്. പത്രങ്ങൾക്ക് ജനാധിപത്യവ്യവസ്ഥയിൽ നല്ല സ്ഥാനമാണുള്ളത്. സംസ്ഥാനത്തെ നാനാവിഭാഗം ജനങ്ങൾക്കും ക്ഷേമനിധി ഏർപ്പെടുത്തിയപ്പോൾ പത്രവിതരണരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധിയില്ലാത്തത് ദൗർഭാഗ്യകരമാണ്. അതിരാവിലെ ഉണർന്ന് പ്രവർത്തനം ആരംഭിക്കുന്ന ഇത്തര

ക്കാരുടെ ജീവിതം ക്ലേശങ്ങൾ നിറഞ്ഞതാണ്. ദൈനംദിനം 25 ലക്ഷത്തോളം കോപ്പികൾ ഇവർ സംസ്ഥാനത്ത് വിതരണം ചെയ്യുന്നുണ്ട്. തുച്ഛവരുമാന ക്കാരായ ഇവർക്ക് ആശ്വാസം നൽകുന്നതിന് യാതൊരു പദ്ധതിയും നിലവിലില്ല. പത്രസ്ഥാപനങ്ങൾ കൊടുക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിൽ പിരിഞ്ഞുപോകുന്നവർക്കും അവശത അനുഭവിക്കുന്നവർക്കും പെൻഷന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ കൊണ്ടു വരുന്ന ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം. പത്ര ഏജന്റുമാരുടേയും വിതരണക്കാരുടേയും വിഹിതം ക്ഷേമനിധിയിൽ അടയ്ക്കണം. ഈ ക്ഷേമ നിധിയിലേയ്ക്ക് ഒരു ഏജന്റിൽനിന്നും പ്രതിമാസം ഒരു രൂപ വീതവും അതോടൊപ്പം ഗവൺമെന്റ് വിഹിതവും അടയ്ക്കേണ്ടതാണ്. ഒരു ലക്ഷം മുതൽ 5 ലക്ഷം വരെ കോപ്പി അച്ചടിക്കുന്ന പത്രം ഉടമ പ്രതിമാസം 20,000 രൂപയും 5 ലക്ഷം മുതൽ 10 ലക്ഷംവരെ കോപ്പി അച്ചടിക്കുന്ന പത്രം ഉടമ 50,000 രൂപയും 10 ലക്ഷത്തിൽ കൂടുതൽ കോപ്പി അച്ചടിക്കുന്ന പത്രം ഉടമ പ്രതിമാസം 70,000 രൂപയും ക്ഷേമനിധിയിലേയ്ക്ക് അംശദായമായി അടയ്ക്കേണ്ടതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഈ ബില്ലിൽ നല്ല നിർദ്ദേശങ്ങളാണുള്ളത്. ഇക്കാര്യത്തിൽ ഒരു തുറന്ന സമീപനമാണ് സർക്കാ രിനുള്ളത്. ഈ ബിൽ ഔദ്യോഗികമായി നിയമനിർമ്മാണമെന്ന നിലയിൽ കൊണ്ടുവരാൻ സർക്കാർ മുൻകൈയെടുക്കുന്നതാണ്.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(3) <u>2007-ലെ കേരള മുസ്ലീം വിവാഹ നിർബന്ധ രജിസ്റ്റർ ചെയ്യൽ ബിൽ</u>

<u>ശ്രീ. പി. ടി. എ. റഹീം:</u> 2007-ലെ കേരള മുസ്ലീം വിവാഹ നിർബന്ധ രജിസ്റ്റർ ചെയ്യൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ:</u> പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. പി. ടി. എ.റഹീം:</u> യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ചെയ്തുവരുന്ന മുസ്ലീം വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് അവിടെ എന്തെങ്കിലും ബുദ്ധിമുട്ടുകളോ അപകടങ്ങളോ ഉണ്ടാകുന്ന അവസരത്തിൽ വിവാഹ ബന്ധം തെളിയിക്കുന്നതിന് പള്ളികളിൽനിന്നും ലഭിക്കുന്ന രേഖകൾ നിയമപരമായി അവിടെ അംഗീകരിക്കാത്തതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനും വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നുള്ള സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്.

നിയമവും പർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u>): എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്നും എല്ലാ സംസ്ഥാനങ്ങളും ഇതുസംബന്ധിച്ച് നിയമങ്ങളും ചട്ടങ്ങളും നിർബന്ധമായും പുറപ്പെടുവിച്ചിരിക്കണമെന്നും 2005-ൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് എല്ലാ മതവിഭാഗങ്ങളിൽപ്പെട്ടവരുമായി ചർച്ചകൾ നടത്തി പൊതുധാരണയുടെ അടിസ്ഥാനത്തിൽ

ഇതുസംബന്ധിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. പി. ടി. എ റഹീം: ഇങ്ങനെ ഒരു റൂൾ വരുന്നതിനുമുൻപാണ് നോട്ടീസ് കൊടുത്തിരുന്നത്. അതുകൊണ്ട് പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

(2008-ലെ കേരള നദീ സംരക്ഷണ അതോറിറ്റി ബിൽ, 2008-ലെ കേരള സംസ്ഥാനത്തെ കലാകാരൻമാരുടേയും കലാരംഗത്തെ സാങ്കേതിക ജീവനക്കാരുടേയും ക്ഷേമനിധി ബിൽ, 2008-ലെ കേരള എക്സാമിനേഷൻസ് അതോറിറ്റി ബിൽ, 2009-ലെ കേരള എഡ്യൂക്കേഷണൽ ഡെവലപ്പ്മെന്റ് ബാങ്ക് ബിൽ, 2009-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ എന്നിവയ്ക്ക് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. മുരളി ഹാജരില്ലാതിരുന്നതിനാൽ പ്രമേയം തുടർചർച്ചയ്ക്ക് പരിഗണിച്ചില്ല.

2009-ലെ ഗാർഹിക തൊഴിലാളി ക്ഷേമനിധി ബിൽ, 2009-ലെ കേരള പെയിന്റിംഗ് ഇതര ബ്രഷ് വർക്ക് തൊഴിലാളി ക്ഷേമനിധി ബിൽ, 2009-ലെ കേരള ആയുർവേദ സെന്റർ/ടൂറിസ്റ്റ് റിസോർട്ട് മാസിയേഴ്സ് ക്ഷേമനിധി ബിൽ (MASSEURS) എന്നിവയ്ക്ക് നോട്ടീസ് നൽകിയിരുന്ന ശ്രീ.ബി.ബാബു പ്രസാദ് ഹാജരില്ലാതിരുന്നതിനാൽ അവ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച</u>

2006-ലെ കേരള തദ്ദേശഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളായിരുന്നവരുടെ പെൻഷൻ നിധി ബില്ലിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. മുരളി ഹാജരില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല

## (1) 2007-ലെ നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബിൽ

(ശ്രീ. എം. ഹംസ നോട്ടീസ് നൽകിയത്)

ശ്രീ. എം. ഹംസ: സ്വാതന്ത്ര്യത്തിനുശേഷം ഇത്രയും വർഷങ്ങൾ പിന്നിട്ടിട്ടും ദരിദ്ര ജനവിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കാൻ കഴിയുന്ന സാഹചര്യം ഇന്ന് കേരളത്തിലില്ല. നീതിപീഠത്തിന്റേയും ഭരണഘടന യുടേയും ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കഴിയാതെ വരുന്നു. ഇവിടെ നീതി നിഷേധിക്കപ്പെടുന്നുവെന്നും ധാരാളം കേസുകൾ കെട്ടിക്കിടക്കുന്നു വെന്നും ലാ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വക്കീലിനെ ഏർപ്പെടുത്താനും കോർട്ട്ഫീ അടയ്ക്കാനും സാഹചര്യമില്ലാത്തതിനാൽ കേസുകൾക്ക് പോകേണ്ടതില്ലെന്നുള്ള നിലപാടാണ് പാവപ്പെട്ട ജനവിഭാഗങ്ങൾ സ്വീകരിക്കുന്നത്. നീതി നിഷേധിക്കുന്നതിനെതിരെയും സാമൂഹിക നീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയും ഒട്ടേറെ നിയമങ്ങൾ കേരള നിയസഭ പാസ്സാക്കിയിട്ടുണ്ട്. ഇത്തരത്തിലൊരു നിയമം ഉണ്ടാക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ദൗർഭാഗ്യകരമാണ്. നിർദ്ധനരായ ആളുകൾക്ക് കോർട്ട്ഫീ അടയ്ക്കാനുള്ള സംവിധാനവും വളരെ പ്രധാനപ്പെട്ട കേസുകളിൽ അവർ ആഗ്രഹിക്കുന്ന രീതിയിൽ വക്കീലൻമാരെ ലഭിക്കാൻ സാമ്പത്തിക സഹായം ചെയ്യാനുള്ള സംവിധാനവും ഉണ്ടാകണം. ഇതിന് നിയമമന്ത്രി ചെയർമാനും നിയമസെക്രട്ടറി കൺവീനറും രണ്ട് എം.എൽ.എ.മാരും രണ്ട് എം.പി.മാരും അടങ്ങുന്ന ഒരു സമിതി സംസ്ഥാനാടിസ്ഥാനത്തിൽ ഉണ്ടാക്കണം. ഹൈക്കോടതിയിലും സുപ്രീംകോട തിയിലും പരിഗണനയ്ക്ക് വരുന്ന പാവപ്പെട്ടവരുടെ കേസുകൾ വാദിക്കാൻ

വക്കീലിനെ വയ്ക്കാനും കേസ് നടത്തിപ്പിനുമുള്ള അധികാരം ഈ സമിതികൾക്ക് നൽകണം. ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലത്തിലും ഇത്തരം സമിതികൾ ഉണ്ടാകണം. വിവാഹ മോചനവുമായി ബന്ധപ്പെട്ട് ജീവനാംശം പോലും ലഭ്യമാക്കാൻ സാധിക്കാത്ത പാവപ്പെട്ട സ്ത്രീകൾക്ക് കോടതിയിൽ നിന്നും നീതി ലഭ്യമാക്കുന്നതിന് ഇത്തരം സംവിധാനം ആവശ്യമാണ്. ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഉള്ളതുപോലെ കേസ് വാദിക്കുന്ന വക്കീലന്മാർക്കും ജനങ്ങളോട് കടപ്പാട് ഉണ്ടായിരിക്കണം. വക്കീലന്മാർ വാദിക്കുന്ന കേസുകൾ മോണിറ്റർ ചെയ്യാനും നീതി ലഭ്യമാക്കാത്ത വക്കീലന്മാർക്കെതിരെ നടപടി സ്വീകരിക്കാനുമുള്ള സംവിധാനം ഈ ബില്ലിലുണ്ട്. നിലവിലുള്ള കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി റെഗുലേഷൻ നിയമത്തിൽ നീതി നിഷേധിക്കപ്പെടുമ്പോൾ ജുഡീഷ്യൽ ഓഫീസർമാരെ സമീപിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതിനുപകരം ജനപ്രതിനിധികളുമായി നേരിട്ട് ബന്ധപ്പെടാനുള്ള വ്യവസ്ഥ ഇതിലുണ്ട്. ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന നീതി ലഭിക്കുമെന്ന ഉറപ്പ് സാധാരണക്കാരന് ലഭ്യമാക്കണം. സമൂഹത്തിലെ സാധാരണക്കാർക്ക് നീതി നിഷേധിക്കപ്പെടാതിരിക്കാൻ പൊതുനന്മ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. ഇതിനാവശ്യമായ ഫണ്ട് നിയമത്തിന്റെ കരടിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിലൊട്ടാകെ കോർട്ട് ഫീ ഇനത്തിൽ ലഭ്യമാകുന്ന തുകയുടെ 20 ശതമാനം നിർദ്ധനർക്കുള്ള സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്തല നീതി ഉറപ്പാക്കൽ നിയമ സംരക്ഷണ സമിതി വിവിധ സമിതികൾക്കായി നീക്കി വയ്ക്കുകയും ആയതിൽ 5 ശതമാനം ഓരോ സമിതിക്കും നീക്കിവയ്ക്കേണ്ടതുമാണ്. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൽ സ്ത്രീകൾക്കും

കുട്ടികൾക്കുമായി നീക്കിവയ്ക്കുന്ന തുകയിൽനിന്നും ഒരു ഭാഗം ഇതിനുവേണ്ടി കണ്ടെത്താവുന്നതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ദേശീയ തലത്തിലുള്ള നടപടികളും നിയമനിർമ്മാണങ്ങളും ആവശ്യമായ കാര്യമാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇത് സംബന്ധിച്ച് സുപ്രധാനമായ പല നടപടികളും ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ സുപ്രീംകോടതി തീരുമാന പ്രകാരം ദേശീയ തലത്തിലും സംസ്ഥാന, ജില്ലാ, താലൂക്ക് തലത്തിലും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി ആക്റ്റ് സംവിധാനം നിലവിലുണ്ട്. പാവപ്പെട്ടവർക്ക് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഗ്രാമീണ മേഖലയിൽ ഇതുമായി ബന്ധപ്പെട്ട് 'ഗ്രാമ ന്യായാലയ' എന്ന പേരിൽ പുതിയ കോടതികൾ സ്ഥാപിക്കാൻ തീരുമാന മായിട്ടുണ്ട്. ഇതിനുള്ള നിയമം പാർലമെന്റിൽ അവതരിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഉണ്ടാകും. വ്യക്തമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംവിധാനത്തിൽ ജനപ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനം നടക്കുന്നുണ്ടോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. സംസ്ഥാനത്തിനു മാത്രമായി ഇത്തരമൊരു നിയമനിർമ്മാണം നടത്തുക ഭരണഘടനാപരമായി പ്രായോഗി കമല്ല. എങ്കിലും ഇത്തരമൊരു ബിൽ കൊണ്ടുവന്ന് ചർച്ചയ്ക്ക് അവസര മൊരുക്കിയ അംഗത്തെ അഭിനന്ദിക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

## (2) 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ശ്രീ. സി.ടി. അഹമ്മദ് അലി നോട്ടീസ് നൽകിയത്)

ശ്രീ. സി.ടി. അഹമ്മദ് അലി : വർഷങ്ങളായി കേരളത്തിലെ പഞ്ചായത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുകയും കൃഷി ചെയ്യുകയും മറ്റും ചെയ്യുന്ന പാവപ്പെട്ട ജനങ്ങളുടെ ഭൂമിക്ക് പട്ടയം ഇല്ലാത്തതു കാരണം സർക്കാരിൽനിന്നുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി വരുത്തണമെന്നത് സംബന്ധിച്ച ഫയൽ നാലുവർഷമായി സർക്കാർ പരിഗണനയിലാണ്. പട്ടയം നൽകാനുള്ള കളക്ടറുടെ അധികാരം എടുത്ത് കളഞ്ഞതിനുശേഷം സർക്കാർ നേരിട്ട് ഭൂമി വിതരണം നടത്തുന്ന കാര്യത്തിൽ കാലതാമസം വരുന്നുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 279 (2)-ൽ 'സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ' എന്നതിന് 'ജില്ലാ കളക്ടർ' എന്ന സ്പഷ്ടീകരണം നൽകണം എന്നാണ് ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. പാവപ്പെട്ടവർക്ക് പതിച്ചുനൽകുന്നതിനുള്ള ഭൂമി പല ജില്ലകളിലും കുറഞ്ഞുവരികയാണ്. അതുകൊണ്ട് പട്ടയം നൽകാനുള്ള അധികാരം പഴയ രീതിയിൽത്തന്നെ ജില്ലാ കളക്ടർക്ക് നൽകുകയും മെറിറ്റ് അനുസരിച്ച് അർഹത നോക്കി ഭൂമി പതിച്ചു നൽകുകയും ചെയ്യണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവയുടെ കൈവശം വർഷങ്ങളായി ഇരിക്കുന്ന അർഹതപ്പെട്ട ഭൂമിക്ക് പട്ടയം പതിച്ചു നൽകാനുള്ള നടപടി ഉണ്ടാകണം. ഇത് സംബന്ധിച്ച് തീരുമാനമാകാതെ കിടക്കുന്ന

ഫയലുകളിൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന് ഒരു ഭേദഗതി എന്ന നിലയിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. പുറമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണിത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ സംസ്ഥാന ഗവൺമെന്റിന്റെ പരിഗണനയിലാണെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിട്ടുള്ളത്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സാധാരണ ജനങ്ങളെ ബാധിക്കുന്ന വിഷയമാണെന്നതുകൊണ്ടുതന്നെ ഇതിന് സഹായകമായ നിലപാട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഇതിനായി പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. സി.ടി. അഹമ്മദ് അലി: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പിൻവലിക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സഭ രാവിലെ 11.22-ന് പിരിഞ്ഞു.

---------